കേരള സർക്കാർ

# GOVERNMENT OF KERALA

ധനകാര്യ (പെൻഷൻ–ബി) വകുപ്പ്

## FINANCE (PENSION-B) DEPARTMENT

സർവ്വീസിൽ നിന്നും വിരമിച്ചവരുടെ പെൻഷൻ ആനുകൂല്യങ്ങൾ കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനുള്ള നിർദേശങ്ങൾ സംബന്ധിച്ച സർക്കാർ ഉത്തരവ്

**Government Orders on Disbursal of Pensionary Benefits Without Delay to Employees Retired from Service**

സ.ഉ (അച്ചടി) നം. 67/2020/ധന. തിരുവനന്തപുരം, തീയതി, 27/05/2020

**GO(P) No.67/2020/Fin. Dated, Thiruvananthapuram, 27/05/2020**

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് – സർവ്വീസിൽ നിന്നും വിരമിച്ചവരുടെ പെൻഷൻ ആനുകൂല്യങ്ങൾ താമസംവിന ലഭ്യമാക്കുന്നതിനുള്ള നിർദേശങ്ങൾ – സംബന്ധിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പെൻഷൻ–ബി) വകുപ്പ്**

**സ.ഉ(അച്ചടി)നം.67/2020/ധന** **തിരുവനന്തപുരം, തീയതി 27/05/2020**

---

പരാമർശം:– 1. 09/02/1983 തീയതിയിലെ 5/1983/ധന നമ്പർ പരിപത്രം.
2. 02/11/2011 തീയതിയിലെ 77/2011/ധന നമ്പർ പരിപത്രം.
3. 21/06/2014 തീയതിയിലെ 64/2014/ധന നമ്പർ പരിപത്രം.
4. 08/10/2014 തീയതിയിലെ 90/2014/ധന നമ്പർ പരിപത്രം.
5. 11/09/2015 തീയതിയിലെ സ.ഉ [അച്ചടി] നം 397/2015/ധന.
6. 04/05/2019 തീയതിയിലെ സ.ഉ [അച്ചടി] നം 55/2019/ധന.
7. 24/09/2019 തീയതിയിലെ 80/2019/ധന നമ്പർ പരിപത്രം.

**<u>ഉത്തരവ്</u>**

1) സർവ്വീസിൽ നിന്നും വിരമിക്കുന്നവരുടെ പെൻഷൻ ആനുകൂല്യങ്ങൾ കാലതാമസം കൂടാതെ അനുവദിക്കുന്നതിലും, ബാധ്യതാ/ബാധ്യതാ രഹിത പത്രം സമയബന്ധിതമായി അനുവദിക്കുന്നതിലും ആഡിറ്റ് നടത്തുവാൻ തടസ്സമുള്ള കേസുകളിലും/വിജിലൻസ് കേസുകളിലും സമ്മതപത്രം വാങ്ങി ഡി.സി.ആർ.ജി വിതരണം ചെയ്യുന്ന വിഷയത്തിലും കൈക്കൊള്ളേണ്ട നടപടികളെ സംബന്ധിച്ച് സർക്കാർ ഇതിനോടകം പരാമർശ ഉത്തരവുകളും സർക്കുലറുകളും പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ ഈ വിഷയത്തിൽ കൂടുതൽ സ്പഷ്ടീകരണം ആവശ്യപ്പെട്ടു കൊണ്ട് നിരവധി അപേക്ഷകൾ വിവിധ വകുപ്പുകളിൽ നിന്നും ധനകാര്യ വകുപ്പിൽ ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പ്രസ്തുത വിഷയങ്ങളുമായി ബന്ധപ്പെട്ട് ബാധ്യതാ/ബാധ്യതാ രഹിത പത്രം അനുവദിക്കുന്നതും സമ്മതപത്രം സ്വീകരിക്കുന്നതും സംബന്ധിച്ച് മേൽ പരാമർശിത സർക്കുലറുകളിലും ഉത്തരവുകളിലും കൂടുതൽ വ്യക്തത വരുത്തി ഉത്തരവ് പുറപെടുവിക്കുന്നു.

**2) ഭാഗം – I – ബാധ്യതാ/ബാധ്യതാ രഹിത സർട്ടിഫിക്കറ്റ് അനുവദിക്കുന്നത് സംബന്ധിച്ച്**

(എ) പെൻഷൻ ആനുകൂല്യങ്ങൾക്കായി ട്രഷറിയിൽ സമർപ്പിക്കുന്ന ബാധ്യതാ/ ബാധ്യതാ രഹിത സർട്ടിഫിക്കറ്റിൽ സർക്കാരിലേയ്ക്കുള്ള ബാധ്യത/ബാധ്യതയില്ലായ്മ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. സമർപ്പിക്കുന്ന ബാധ്യത/ബാധ്യത രഹിത സർട്ടിഫിക്കറ്റിൽ പെൻഷൻ അനുവദിക്കുന്ന അധികാരി (Pension Sanctioning Authority) കൃത്യമായും ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ടെന്ന് അതത് സ്വീകർത്താധികാരി (Receiving Authority) ഉറപ്പുവരുത്തേണ്ടതാണ്. ബാധ്യതാ/ബാധ്യതാ രഹിത സർട്ടിഫിക്കറ്റിന്റെ മാതൃക അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.

**GOVERNMENT OF KERALA**

**Abstract**

Finance Department - Disbursal of Pensionary Benefits without delay to Employees Retired from Service – Regarding – Orders Issued.

---

**FINANCE [PENSION-B] DEPARTMENT**

**GO(P) No.67/2020/Fin** **Dated, Thiruvananthapuram, 27/05/2020**

---

Read:- 1. Circular No 5/1983/Fin Dated 09/02/1983.
2. Circular No 77/2011/Fin Dated 02/11/2011.
3. Circular No 64/2014/Fin Dated 21/06/2014.
4. Circular No 90/2014/Fin Dated 08/10/2014.
5. GO(P) No. 397/2015/Fin Dated 11/09/2015.
6. GO(P) No 55/2019/Fin Dated 04/05/2019.
7. Circular No 80/2019/Fin Dated 24/09/2019.

## ORDER

1) Government have issued various orders and circulars pertaining disbursal of pensionary benefits without any delay, issuing Liability Certificate / Non Liability Certificate [LC/NLC] on those cases when audit cannot be conducted / vigilance cases are going on. Government have been receiving lot of queries from various departments demanding more clarity on these issues and having examined this matter in detail, are pleased to issue a comprehensive Government Order clarifying the procedures mentioned in Circulars and Orders read above.

### 2) Part I - Issuing Liability / Non - Liability Certificate – Regarding

(a) Liability / Non-liability certificate [LC/NLC] produced at the Treasury for the release of pensionary claims should clearly indicate the liabilities / non liability to the Government. Receiving Authority must ensure that certificates produced at the Treasury are invariably signed by the Pension Sanctioning Authority. The format for Liability / Non-liability certificate [LC/NLC] is attached in Annexure-1.

(ബി) പെൻഷൻ അനുവദിക്കുന്ന അധികാരി (Pension Sanctioning Authority) സർക്കാർ ആകുന്ന സാഹചര്യങ്ങളിൽ അതത് വകുപ്പ് തലവൻമാർ ബാധ്യതാ/ബാധ്യതാ രഹിത സർട്ടിഫിക്കറ്റിൽ ഒപ്പ് രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ വകുപ്പ് തലവൻ വിരമിക്കുന്ന/അന്തരിക്കുന്ന സന്ദർഭത്തിൽ അവരുടെ ബാധ്യതാ/ബാധ്യതാ രഹിത സർട്ടിഫിക്കറ്റ് അതത് ഭരണ വകുപ്പിലെ സ്പെഷ്യൽ സെക്രട്ടറി/സെക്രട്ടറി നൽകേണ്ടതാണ്.

## 3) ഭാഗം – II – സമ്മതപത്രം സംബന്ധിച്ച്

### (എ) ആഡിറ്റ് നടത്താത്ത കേസുകൾ

ആഡിറ്റ് നടത്തുവാൻ ഭരണപരമായി തടസ്സമുണ്ടെങ്കിൽ മാത്രം രജിസ്ട്രേഷൻ വകുപ്പിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള 200/– രൂപ വിലയുള്ള മുദ്രപത്രത്തിൽ അനുബന്ധം 2(a)യിൽ ചേർത്തിരിക്കുന്ന മാതൃകയിലുള്ള സമ്മതപത്രം വാങ്ങിയതിനു ശേഷം അനുബന്ധം 2(c)യിൽ ചേർത്തിരിക്കുന്ന മാതൃകയിലുള്ള ബാധ്യതാ രഹിത സാക്ഷ്യപത്രം നൽകേണ്ടതാണ്. വൈദികർ, സന്യാസികൾ, സ്വത്ത് വകകൾ ഒന്നും ഇല്ലാത്ത ഉദ്യോഗസ്ഥർ എന്നിവർക്ക് രജിസ്ട്രേഷൻ വകുപ്പിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള 200/– രൂപ വിലയുള്ള മുദ്രപത്രത്തിൽ അനുബന്ധം 2(b)–യിൽ ചേർത്തിരിക്കുന്ന മാതൃകയിലുള്ള സമ്മതപത്രം വാങ്ങിയതിനു ശേഷം അനുബന്ധം 2(c)–യിൽ ചേർത്തിരിക്കുന്ന മാതൃകയിലുള്ള ബാധ്യതാ രഹിത സാക്ഷ്യപത്രം നൽകേണ്ടതാണ്.

### (ബി) ആഡിറ്റ് നടത്തിയ കേസുകൾ

ആഡിറ്റിനെ തുടർന്ന് കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 303B പ്രകാരം വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുള്ള ഏതെങ്കിലും ബാധ്യതകൾ തീർച്ചപ്പെടുത്തുന്ന പക്ഷം പ്രസ്തുത ബാധ്യതയുമായി ബന്ധപെട്ട അനുബന്ധം 1–ലെ ഭാഗം (ii) പ്രകാരമുള്ള ബാധ്യതാ സാക്ഷ്യപത്രം നൽകേണ്ടതാണ്. ഇത്തരം കേസുകളിൽ സമ്മതപത്രം വാങ്ങേണ്ടതില്ല.

### (സി) വിജിലൻസ് കേസുകൾ

കെ.എസ്.ആർ ഭാഗം III ചട്ടം 3 പ്രകാരം ഒരു വിജിലൻസ് കേസ് ജുഡീഷ്യൽ നടപടിക്രമമായി പരിഗണിക്കുന്നത് കേസ് വിചാരണയ്ക്ക് എടുക്കുമ്പോൾ മാത്രമാണ്. കേസ് വിചാരണയ്ക്ക് എടുക്കുമ്പോൾ വിജിലൻസ് കേസ് നമ്പർ (VC No. – Vigilance Case No.) കലണ്ടർ കേസ് നമ്പർ (CC No.– Calender Case No.) ആകുന്നു. നിലവിലുള്ള വിജിലൻസ് കേസ് വിചാരണയ്ക്കെടുക്കാത്ത സാഹചര്യത്തിൽ (അഥവാ കലണ്ടർ കേസ് നമ്പർ ആയിട്ടില്ലായെങ്കിൽ) അനുബന്ധം 3 ൽ ചേർത്തിരിക്കുന്ന രീതിയിലുള്ള സമ്മത പത്രം വാങ്ങിയതിനു ശേഷം പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കേണ്ടതാണ്.

(b) In cases where Government is the Pension Sanctioning Authority the Liability / Non-liability certificate [LC/NLC] should be signed by the Head of Department concerned except when the employee him/herself was Head of Department at the time of retirement / death in which case the concerned Special Secretary / Secretary of the Administrative Department of Government shall issue Liability / Non - Liability Certificate.

## 3) Part II - Regarding Undertaking

### (a) Cases where Audit is not finalized

In instances where Audit can not be finalized due to Administrative Delay, Non-liability certificate [as per format attached in Annexure - 2 (c)] may be issued after obtaining undertaking from the employee [on a stamp paper of denomination ₹ 200/-] as per format attached in Annexure - 2 (a). In case of Priests, Saints & employees without any property, Non-liability certificate [as per format attached in Annexure - 2 (c)] may be issued after obtaining undertaking [on a stamp paper of denomination ₹ 200/-] as per the format in Annexure - 2 (b).

### (b) Cases where Audit has been undertaken

If any liability has been quantified on an employee after Audit as per Article 303-B of Kerala Financial Code, the employee shall be issued liability certificate as per the format in part (ii) of Annexure-1 of this order. In such cases there is no need of obtaining undertaking from the employee.

### (c) Vigilance Cases

As per Rule 3 of KSR Part III, in the instance of Vigilance Cases, a judicial proceeding is deemed to be instituted only when Magistrate takes cognizance. When Magistrate takes cognizance Vigilance Case Number [VC No.] becomes a Calendar Case Number [CC No.]. For vigilance cases where the Magistrate has not taken cognizance yet [i.e Calendar Case Number [CC No.] is not issued], pensionary benefits shall be released after obtaining a consent as per the format attached in Annexure-3.

4) മേൽ പരാമർശിത സർക്കുലറുകളിലും ഉത്തരവുകളിലും ബന്ധപെട്ട ഖണ്ഡികകൾ ഇതിനാൽ പരിഷ്കരിച്ച് ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**കെ. രാജശ്രീ**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ജി ആന്റ് എസ്.എസ്.എ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ ആന്റ് ആർ.എസ്.എ), കേരള, തിരുവനന്തപുരം.
എല്ലാ ഓഫിസുകൾക്കും, വകുപ്പ് മേധാവികൾക്കും
സെക്രട്ടേറിയറ്റിലെ നിയമ വകുപ്പൾപ്പെടെ എല്ലാ വകുപ്പുകൾക്കും, വകുപ്പു മേധാവികൾക്കും
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
എല്ലാ സെക്രട്ടറി, അഡീഷണൽ സെക്രട്ടറി/ജോയിന്റ് സെക്രട്ടറി/ഡെപ്യൂട്ടി സെക്രട്ടറി/അണ്ടർ സെക്രട്ടറിമാർ.
ഗവർണറുടെ സെക്രട്ടറി.
സ്പീക്കറുടെയും, ഡെപ്യൂട്ടി സ്പീക്കറുടെയും പ്രതിപക്ഷ നേതാവിന്റെയും ഗവണ്മെന്റ് ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർ.
മുഖ്യമന്ത്രിയുടെയും മറ്റ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
ചീഫ് സെക്രട്ടറിയുടെ പ്രൈവറ്റ് സെക്രട്ടറി.
സെക്രട്ടറി, ഓംബുഡ്സ്മാൻ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ, തിരുവനന്തപുരം.
സെക്രട്ടറി, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
കേരളത്തിലെ എല്ലാ സർവ്വകലാശാലകളിലേയും രജിസ്ട്രാർമാർ
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, എറണാകുളം
ചീഫ് ഇൻഫർമേഷൻ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ ട്രഷറികളും സബ് ട്രഷറികളും.
ഗവൺമെന്റ് കമ്പനികൾ/ബോർഡ്/കോർപ്പറേഷനുകൾ/ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവയുടെ മാനേജിങ് ഡയറക്ടർമാർ/ജനറൽ മാനേജർമാർ.
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (പെൻ-ബി1/45/2019-ധന ഇ-1372401)

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**

4) The GO's and Circulars read above stand modified to this extent.

(By order of the Governor)

**K. RAJASREE**

**Additional Secretary (Finance)**

To

The Accountant General (A&E), Kerala, Thiruvananthapuram.
The Accountant General (G&SSA), Kerala, Thiruvananthapuram.
The Accountant General (E&RSA), Kerala, Thiruvananthapuram.
All Heads of Departments and Offices.
All Departments (All Sections) of the Secretariat including Law Department.
The Secretary, Kerala Public Service Commission, Thiruvananthapuram (with C.L)
All Secretaries, Additional Secretaries, Joint Secretaries, Deputy Secretaries and Secretaries to Government.
The Secretary to Governor.
The Private Secretaries to Speaker, Deputy Speaker, the Leader of Opposition and Government Chief Whip.
The Private Secretaries to Chief Minister and other Ministers.
The Additional / Deputy Secretary to Chief Secretary.
The Secretary, Ombudsman for Local Self Government Institutions, Thiruvananthapuram.
The Secretary, Kerala State Human Rights Commission, Thiruvananthapuram.
The Registrar, High Court of Kerala, Ernakulam (with CL).
The Registrar, Kerala Lok Ayukta, Thiruvananthapuram.
The Director of Treasuries, Thiruvananthapuram.
The Registrar, All Universities in Kerala.
The Director, Information and Public Relations, Thiruvananthapuram.
The Advocate General, Kerala, Ernakulam.
The Chief Information Commissioner, Kerala, Thiruvananthapuram.
All District Treasury Officers/Sub Treasury Officers.
Managing Directors/General Managers of Government Companies/ Boards/ Corporations/ Self Governing Institutions
The Nodal Officer, www.finance.kerala.gov.in for publishing on the website.
Stock File [PEN-B1/45/2019/FIN e-1372401] / Office Copy.

Forwarded/By order

Section Officer

## അനുബന്ധം – 1

### (i) ബാധ്യതകളൊന്നും ഇല്ലാത്തപ്പോൾ

### ബാധ്യതാ രഹിത സാക്ഷ്യപത്രം

സേവനത്തിൽ നിന്ന് വിരമിച്ച / സേവനത്തിലിരിക്കെ ………………………………. തീയതിയിൽ മരണമടഞ്ഞ ശ്രീ. / ശ്രീമതി. …………………………………… (ഉദ്യോഗസ്ഥന്റെ പേര്, പെൻ, വിരമിക്കൽ/മരണസമയത്തെ പദവി)–നെതിരെ സർക്കാരിലേയ്ക്ക് യാതൊരു ബാധ്യതയുമില്ലെന്ന് സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം
തീയതി

പെൻഷൻ അനുവദിക്കുന്ന അധികാരിയുടെ
ഒപ്പ്, പേര്, ഔദ്യോഗിക മേൽവിലാസം, പെൻ

### (ii) ബാധ്യതകൾ ഉള്ളപ്പോൾ

### ബാധ്യതാ സാക്ഷ്യപത്രം

സേവനത്തിൽ നിന്ന് വിരമിച്ച / സേവനത്തിലിരിക്കെ …………………….. തീയതിയിൽ മരണമടഞ്ഞ ശ്രീ. / ശ്രീമതി. …………………………………… (ഉദ്യോഗസ്ഥന്റെ പേര്, പെൻ, വിരമിക്കൽ/മരണസമയത്തെ പദവി)–നെതിരെ സർക്കാരിലേയ്ക്ക് താഴെപ്പറയുന്ന ബാധ്യതകളുണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്നു. ഇപ്രകാരമുള്ള ബാധ്യത തുക ടിയാളുടെ ഡി.സി.ആർ.ജി–യിൽ നിന്ന് ഈടാക്കാവുന്നതും അതത് ബാധ്യതയുടെ നേർക്കുള്ള ബഡ്ജറ്റ് ശീർഷകത്തിൽ അടവാക്കാവുന്നതുമാണ്.

| ക്രമ നം. | ബാധ്യതയുടെ സ്വഭാവം | ബാധ്യത തുക (₹) | അടവാക്കേണ്ട ശീർഷകം |
|---|---|---|---|
| 1 | 2 | 3 | 4 |
| | | | |

ശ്രീ / ശ്രീമതി ................................ ക്കെതിരെ മേൽ പരാമർശിച്ച ബാധ്യതകൾ അല്ലാതെ മറ്റ് ബാധ്യതകളൊന്നുമില്ലെന്ന് ഇതിനാൽ സാക്ഷ്യപെടുത്തുന്നു.

സ്ഥലം
തീയതി

പെൻഷൻ അനുവദിക്കുന്ന അധികാരിയുടെ
ഒപ്പ്, പേര്, ഔദ്യോഗിക മേൽവിലാസം, പെൻ

## Annexure-1

### (I) In case there are no liabilities

### Non-Liability Certificate

Certified that no liabilities to Government are outstanding against Shri/ Smt ................................................ [Name, PEN and Designation of the officer at the time of retirement / death] who has retired from service / died while in service on ..........……….

Place
Date

Signature, Name, Official Address and
PEN of Pension Sanctioning Authority

### (II) In Case where there are liabilities

### Liability Certificate

Certified that the following liabilities are outstanding against Shri/ Smt……………………………. [Name, PEN and Designation of the officer at the time of retirement / death] who has retired from service / died while in service on ……………….. and the liabilities may be recovered from his/her death-cum-retirement gratuity and credited to the Heads of account indicated against each liability.

| Sl. No | Nature of Liability | Amount of Liability (₹) | Head of Account to which it is to be credited |
|---|---|---|---|
| 1 | 2 | 3 | 4 |
| | | | |

Certified further that there are no other liabilities to Government outstanding against him/her.

Place
Date

Signature, Name, Official Address and
PEN of Pension Sanctioning Authority

## അനുബന്ധം 2(a)

### സമ്മതപത്രം

എന്റെ സേവന കാലത്തെ എന്തെങ്കിലും സാമ്പത്തിക ബാധ്യത ആഡിറ്റിൽ കണ്ടെത്തുന്ന പക്ഷം ടി ബാധ്യത ഞാൻ തിരിച്ചടക്കുന്നതാണെന്നും അല്ലാത്ത പക്ഷം ആയത് എന്റെ പെൻഷൻ കുടിശ്ശികയിൽ നിന്നോ ക്ഷാമാശ്വാസ കുടിശ്ശികയിൽ നിന്നോ ക്ഷാമാശ്വാസത്തിൽ നിന്നോ ഈടാക്കാവുന്നതാണെന്നും അപ്രകാരം ഈടാക്കിയ ശേഷവും ബാധ്യത നിലനിൽക്കുകയാണെങ്കിൽ ടി തുക റവന്യു റിക്കവറി നടപടികൾ പ്രകാരം എന്റെ പേരിലുള്ളതോ എനിക്കവകാശപ്പെട്ടതോ ആയ സ്ഥാവര ജംഗമ വസ്തുക്കളിൽ നിന്നും ഈടാക്കാവുന്നതാണെന്നും ഇങ്ങനെ ഈടാക്കിയ ശേഷവും ബാധ്യത ശേഷിക്കുന്നെങ്കിൽ ടി ബാധ്യത എന്റെ പെൻഷന്റെ 25%-ത്തിൽ കവിയാത്ത തുക പ്രതിമാസ തവണകളായി എന്റെ പെൻഷനിൽ നിന്ന് ഈടാക്കാവുന്നതാണെന്നും ഞാൻ ഇതിനാൽ സമ്മതിച്ചുകൊള്ളുന്നു.

സ്ഥലം
തീയതി

ഒപ്പ്
പേര്
പെൻ /പി പി ഓ നമ്പർ
ആധാർ നമ്പർ
മേൽ വിലാസം

സാക്ഷികൾ (ഒപ്പ്, പേര്, പെൻ, ഔദ്യോഗിക മേൽവിലാസം)

1. ..........................................................
2. ..........................................................

## അനുബന്ധം 2(b)

### സമ്മതപത്രം

എന്റെ സേവനകാലത്ത് എന്തെങ്കിലും സാമ്പത്തിക ബാധ്യത ആഡിറ്റിൽ കണ്ടെത്തുന്ന പക്ഷം ടി ബാധ്യത ഞാൻ തിരിച്ചടക്കുന്നതാണ്. അല്ലാത്തപക്ഷം പ്രസ്തുത ബാധ്യത എന്റെ പെൻഷൻ കുടിശ്ശികയിൽനിന്നോ ക്ഷാമാശ്വാസ കുടിശ്ശികയിൽനിന്നോ ക്ഷാമാശ്വാസത്തിൽ നിന്നോ ഈടാക്കാവുന്നതാണെന്നും ഇങ്ങനെ ഈടാക്കിയ ശേഷവും ബാധ്യത നിലനിൽക്കുകയാണെങ്കിൽ ടി ബാധ്യത എന്റെ പെൻഷന്റെ 25%-ത്തിൽ കവിയാത്ത തുക പ്രതിമാസ തവണകളായി എന്റെ പെൻഷനിൽ നിന്നും ഈടാക്കാവുന്നതാണെന്നും ഞാൻ ഇതിനാൽ സമ്മതിച്ചുകൊള്ളുന്നു.

സ്ഥലം
തീയതി

ഒപ്പ്
പേര്
പെൻ /പി പി ഓ നമ്പർ
ആധാർ നമ്പർ
മേൽ വിലാസം

സാക്ഷികൾ (ഒപ്പ്, പേര്, പെൻ, ഔദ്യോഗിക മേൽവിലാസം)

1. ......................................................
2. ......................................................

**<u>Annexure- 2(a)</u>**

**<u>Undertaking</u>**

I here by agree that if any financial liability is quantified against me on the Audit of my service period, I will repay the liability. In the instance I am not able to repay the liability, I agree that such liability may be recovered either from my Pension Arrears or my Dearness Relief Arrears or my Dearness Relief. If the liability still unresolved I agree that it may be recovered from my own/inherited movable/ immovable property under revenue recovery procedure and even after such steps liabilities are pending, such liabilities may be recovered through monthly installments from pension, subject to condition that each monthly recovery will not exceed 25% of my pension.

| | |
|---|---|
| Place | Sign |
| Date | Name |
| | PEN / PPO Number |
| | Aadhar Number |
| | Address |

Witnesses [Sign, Name, PEN, Official Address]

1. ……………………………
2. ……………………………

**<u>Annexure- 2(b)</u>**

**<u>Undertaking</u>**

I here by agree that if any financial liability is quantified during the Audit of my service period, I will repay the liability. In the instance I am not able to repay the liability, I agree that such liability may be recovered either from my Pension Arrears or my Dearness Relief Arrears or my Dearness Relief. Even after such steps liabilities are pending, such liabilities may be recovered through monthly installments from pension, subject to condition that each monthly recovery will not exceed 25% of my pension.

| | |
|---|---|
| Place | Sign |
| Date | Name |
| | PEN / PPO Number |
| | Aadhar Number |
| | Address |

Witnesses [Sign, Name, PEN, Official Address]

1. ……………………………
2. ……………………………

## <u>അനുബന്ധം 2(c)</u>

## <u>ബാധ്യതാ രഹിത സാക്ഷ്യപത്രം</u>

സേവനത്തിൽ നിന്ന് …………………….. തീയതിയിൽ വിരമിച്ച ശ്രീ./ശ്രീമതി. …………..…. ………….. (ഉദ്യോഗസ്ഥന്റെ പേര്, പെൻ, വിരമിച്ച സമയത്തെ പദവി)-നെതിരെ സർക്കാരിലേയ്ക്ക് ഒരു ബാധ്യതയുമില്ലെന്ന് സാക്ഷ്യപ്പെടുത്തുന്നു. ഈ ബാധ്യതാരഹിത സാക്ഷ്യപത്രം ബന്ധപെട്ട ഉദ്യോസ്ഥൻ നൽകിയ അനുബന്ധം 2(a)/2(b) മാതൃകയിൽ ഉള്ള സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിലാണ് നൽകുന്നത്.

സ്ഥലം — പെൻഷൻ അനുവദിക്കുന്ന അധികാരിയുടെ
തീയതി — ഒപ്പ്, പേര്, ഔദ്യോഗിക മേൽവിലാസം, പെൻ

## <u>അനുബന്ധം – 3</u>

## <u>സമ്മതപത്രം</u>

എന്റെ സേവനകാലത്തുള്ള വിജിലൻസ് കേസുകളുമായി ബന്ധപ്പെട്ട് എന്തെങ്കിലും സാമ്പത്തിക ബാധ്യത വിജിലൻസ് കോടതി അന്തിമ വിധിയിൽ കണ്ടെത്തുന്ന പക്ഷം ടി ബാധ്യത ഞാൻ തിരിച്ചടക്കുന്നതാണ്. അല്ലാത്ത പക്ഷം പ്രസ്തുത ബാധ്യത എന്റെ പെൻഷൻ കുടിശ്ശികയിൽനിന്നോ ക്ഷാമാശ്വാസ കുടിശ്ശികയിൽനിന്നോ ക്ഷാമാശ്വാസത്തിൽ നിന്നോ ഈടാക്കാവുന്നതാണെന്നും ഇങ്ങനെ ഈടാക്കിയ ശേഷവും ബാധ്യത ശേഷിക്കുന്നപക്ഷം ടി ബാധ്യത റവന്യു റിക്കവറി നടപടികൾ പ്രകാരം എന്റെ പേരിലുള്ളതോ എനിക്കവകാശപ്പെട്ടതോ ആയ സ്ഥാവര ജംഗമ വസ്തുക്കളിൽ നിന്നും ഈടാക്കാവുന്നതാണെന്നും ഇങ്ങനെ ഈടാക്കിയ ശേഷവും ബാധ്യത നിൽക്കുന്നപക്ഷം ടി ബാധ്യത എന്റെ പെൻഷന്റെ 25% ത്തിൽ കവിയാത്ത തുക പ്രതിമാസ തവണകളായി ഈടാക്കാവുന്ന-താണെന്നും ഞാൻ ഇതിനാൽ സമ്മതിച്ചുകൊള്ളുന്നു.

സ്ഥലം — ഒപ്പ്
തീയതി — പേര്
പെൻ /പി പി ഓ നമ്പർ
ആധാർ നമ്പർ
മേൽ വിലാസം

സാക്ഷികൾ (ഒപ്പ്, പേര്, പെൻ, ഔദ്യോഗിക മേൽവിലാസം)

1. ………………………………………………………

2. ………………………………………………………..

## Annexure- 2(c)

## Non-Liability Certificate

Certified that no liabilities to Government are outstanding against Shri/ Smt ............................................... [Name, PEN and Designation of the officer at the time of retirement] who has retired from service on …………….. This certificate of non-liability is issued based on the undertaking from the individual made as per Annexure 2(a) / 2(b).

Place
Date

Signature, Name, Official Address and
PEN of Pension Sanctioning Authority

## Annexure- 3

## Undertaking

If Vigilance Court in its final judgment finds any financial liability in connection with the vigilance cases during my service period, I hereby agree that I shall repay such liabilities. In the instance I am not able to repay the liability, I agree that such liability may be recovered either from my Pension Arrears or my Dearness Relief Arrears or my Dearness Relief. If the liability still unresolved it may be recovered from my own/inherited movable/immovable property under revenue recovery procedure and even after such steps liabilities are pending, such liabilities may be recovered through monthly installments from pension, subject to condition that each monthly recovery will not exceed 25% of my pension.

Place
Date

Sign
Name
PEN / PPO Number
Aadhar Number
Address

Witnesses [Sign, Name, PEN, Official Address]

1. ……………………………
2. ……………………………